**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2388** **05-02-2026 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് കോർപ്പറേഷനിലെ വേങ്ങരി മിനി സ്റ്റേഡിയം, കണ്ണാടിക്കൽ പകൽ വീട് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള കോഴിക്കോട് കോർപ്പറേഷനിലെ വേങ്ങരി മിനി സ്റ്റേഡിയം, കണ്ണാടിക്കൽ പകൽ വീട് എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | വേങ്ങേരി മിനി സ്റ്റേഡിയം<br><br>2024-25 സാമ്പത്തിക വർഷത്തെ ബജറ്റിൽ Appendix II, Volume II ക്രമ നമ്പർ 2799 ആയി 75 ലക്ഷം രൂപ അടങ്കൽ തുക കണക്കാക്കി 20% തുക വകയിരുത്തി ഉൾപ്പെടുത്തിയിരിക്കുന്ന കോഴിക്കോട് കോർപ്പറേഷനിലെ "വേങ്ങേരി മിനി സ്റ്റേഡിയം നിർമ്മാണം" എന്ന പ്രവൃത്തിയുടെ 75 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി LSGD ചീഫ് എഞ്ചിനീയർ സർക്കാരിൽ ശിപാർശ സമർപ്പിക്കുകയും ആയതിന്മേൽ സ.ഉ (സാധാ) നം.2513/2025/LSGD തീയതി 16-10-2025 പ്രകാരം പ്രവൃത്തിക്കു ആവശ്യമായ ചെലവ് 4217-60-051-94 NVഎന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുള്ളതുമാണ്. മേൽ പ്രവൃത്തിക്ക് 24/10/2025 ൽ 79396/2025-2026 നമ്പർ പ്രകാരം സാങ്കേതികാനുമതി ലഭിക്കുകയും, 01/11/2025 ന ഐറ്റം റേറ്റ് നിരക്കിൽ ടെൻഡർ ക്ഷണിച്ചതിൽ പ്രകാരം എസ്റ്റിമേറ്റ് PAC 5974499.26/-രൂപയുള്ള പ്രവൃത്തി -11.10% കുറഞ്ഞ നിരക്കിൽ 5311342.61/- രൂപക്ക് ക്വാട്ട് ചെയ്ത ശ്രീ വിജീഷ്കുമാർ. വി .കെ എന്ന കരാറുകാരനെ തിരഞ്ഞെടുക്കുകയും 05/01/2026 ന SE /164/25-26 എന്ന നമ്പർ പ്രകാരം എഗ്രിമെൻറ് വെച്ച് 15/01/2026 ന SITE HAND OVER ചെയ്തിട്ടുള്ളതുമാണ്. പദ്ധതി പൂർത്തീകരിക്കേണ്ട കാലാവധി 1 വർഷവും DLP കാലയളവ് 5 വർഷവുമാണ്. പദ്ധതി സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിന് കരാറുകാരന് നിർദ്ദേശം നല്കിയിട്ടുള്ളതാണ് .<br><br>കണ്ണാടിക്കൽ പകൽ വീട് |

| | | | |
|---|---|---|---|
| | | | 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിൽ Appendix II Volume II ക്രമ നമ്പർ 471 ആയി 75 ലക്ഷം രൂപ അടങ്കൽ തുക കണക്കാക്കി 20% തുക വകയിരുത്തി ഉൾപ്പെടുത്തിയിരിക്കുന്ന കോഴിക്കോട് കോർപ്പറേഷനിലെ "കണ്ണാടിക്കൽ പകൽവീട്ടം മാതൃകാ അംഗൻവാടിയും" എന്ന പ്രവൃത്തിക്ക് 75 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന്മേൽ ഭരണാനുമതിക്കായി ചീഫ് എഞ്ചിനീയർ സർക്കാരിൽ ശിപാർശ സമർപ്പിക്കുകയും, ആയതിന്മേൽ സ.ഉ.(സാധാ) നം.2300/2025/LSGD തീയതി 22-09-2025 പ്രകാരം പ്രവൃത്തിക്ക് ആവശ്യമായ ചെലവ് 4217-60-051-94 NV എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുള്ളതുമാണ്.<br><br>മേൽ പ്രവൃത്തിക്ക് 06/10/2025 ന 69433/2025-2026 നമ്പർ പ്രകാരം സാങ്കേതികാനുമതി ലഭിക്കുകയും, 15/10/2025 ന് ഐറ്റം റേറ്റ് നിരക്കിൽ ടെൻഡർ ക്ഷണിച്ചതിൽ പ്രകാരം എസ്റ്റിമേറ്റ് PAC 5915171.28 രൂപയുള്ള പ്രവൃത്തി -14.90% കുറഞ്ഞ നിരക്കിൽ 5033790.13 രൂപക്ക് ക്വാട്ട് ചെയ്ത ശ്രീ ഷൈജു വടക്കയിൽ എന്ന കരാറുകാരനെ തിരഞ്ഞെടുക്കുകയും 30/10/2025 ന SE /135/25-26 എന്ന നമ്പർ പ്രകാരം എഗ്രിമെൻ്റ് വെച്ച് 09/11/2025 ന് SITE HAND OVER ചെയ്തിട്ടുള്ളതുമാണ്. പദ്ധതി പൂർത്തീകരിക്കേണ്ട കാലാവധി 2 വർഷവും DLP കാലയളവ് 5 വർഷവുമാണ്.<br><br>പ്രവൃത്തി ആരംഭിക്കുന്നതിനായി പദ്ധതി പ്രദേശത്തു ബൗണ്ടറിയുമായി ബന്ധപ്പെട്ട ചില തർക്കങ്ങൾ ഉടലെടുക്കുകയും, സ്ഥലം സർവ്വേ നടത്തിത്തരുന്നതിനായി സർവ്വേയർക്കു കത്ത് നൽകുകയും ആയതിൻ്റെ അടിസ്ഥാനത്തിൽ നടന്ന സർവേയിൽ നിലവിൽ ഡിസൈൻ ചെയ്ത പ്ലാൻ പ്രദേശത്തു പദ്ധതി നടപ്പിൽ വരുത്താൻ കഴിയാത്തതിനാൽ, പ്ലാനിൽ മാറ്റങ്ങൾ വരുത്തി പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ പ്രദേശം വൃത്തിയാക്കി പില്ലർ ഫൗണ്ടേഷൻ എടുത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ? | (ബി) | തദ്ദേശ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിന്റെ ഭാഗമായി നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കുന്നതിന് സമയം ആവശ്യമായിരുന്നു. നിലവിൽ പ്രവൃത്തി സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശം കരാറുകാരന് നൽകുന്നതുൾപ്പെടെയുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ